LIBRARY ARCHIVES Kerala Legislative Assembly

PROCEEDINGS

of

THE TRAVANCORE LEGISLATIVE ASSEMBLY

FIRST ASSEMBLY

SECOND SESSION

VOL. II—NO. 8.

Friday the 13th August 1948/29th Karkadagom 1123.

The Travancore Legislative Assembly met in the Legislative Chamber, Trivandrum, at Eleven of the Clock on Friday, the 13th August 1948/29th Karkadagom 1123, the President (the Hon'ble Mr. A. J. John) in the Chair.

QUESTIONS AND ANSWERS.

കുടിയിറക്ക്.

280. MR. P. K. KRISHNAN SASTRI (*Meenachil II—Pulaya*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) അടക്കുടിക്കാരായ പിന്നോക്കസമുദായങ്ങളെ കുടിയിറക്കുന്നതായി ഗവൺമെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ എന്നു് പറയുവാൻ ബഹുമാനപ്പെട്ട ഗവൺമെൻറിനു ദയവുണ്ടാകുമോ?

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടിയെടുത്തിട്ടുണ്ടെന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവൺമെൻറിനു ദയവുണ്ടാകുമോ?

HON'BLE MR. C. KESAVAN : പിന്നോക്കസമുദായക്കാരെ മാത്രം കുടിയിറക്കുന്നതായി അറിയാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഇടയിടെ ബാലരാമപുരത്തു ചില സംഭവമുണ്ടായി എന്നറിഞ്ഞു. അതു അറിഞ്ഞ

ഉടൻതന്നെ പോലീസിനെ അറിയിക്കുകയും അവർ വേണ്ട നടപടികളും നടത്തിക്കൊണ്ടിരിക്കുകയുമാണ്. ഈ കേസിന്റെ സ്വഭാവം വ്യക്തമായി അറിവായിട്ടില്ല. അതു അന്വേഷണത്തിൽ ഇരിക്കുകയാണ്. കൂടാതെ ചേത്തല നിന്നും ഫാദർ ജോർജ്ജ് ജോബു വള്ളുംതയ്യിലിന്റെ ഒരു പെറ്റീഷൻ കിട്ടിയിട്ടുണ്ട്. അതും അന്വേഷണം നടത്തിയതിൽ വ്യക്തമായി ആരെയെങ്കിലും ബാധിക്കുന്നതായി തെളിവുകിട്ടാത്തതു കൊണ്ടു അങ്ങനെ വച്ചിരിക്കുകയാണ്.

MR. T. V. DEVAN (*Kottayam IV—Pulaya*): സർ, ഇന്നലെയും ബാലരാമപുരത്തു് ഇങ്ങനെയൊരു കേസിൽ ഒരുത്തനെ പിടിച്ചുകെട്ടിയിരിക്കുന്നു.

HON'BLE MR. C. KESAVAN: അതുതന്നെയാണു് ഞാൻ മുമ്പേ പറഞ്ഞതു്. പക്ഷെ അതു ഇന്നലെ അല്ല. അതിന്മേൽ കേസെടുത്തിരിക്കുകയാണ്. സബ് ജൂഡീസ് ആകകൊണ്ടു് കൂടുതൽ വിവരങ്ങൾ അതേ സംബന്ധിച്ചു പറയാൻ നിവൃത്തിയില്ല.

MR. T. K. NARAYANA PILLAI (*Parur II—General*): ബാലരാമപുരത്തെ സംഭവം കുടിയിറക്കിനെ ആസ്പദമാക്കിയാണോ?

HON'BLE MR. C. KESAVAN: എന്നാണു് എനിക്കു കിട്ടിയ ഫോൺ മെസ്സേജിൽ പറഞ്ഞിരിക്കുന്നതു്.

MR. N. S. KOCHUKUNJU (*Changanacherry IV—Paraya*): ഈ മാതിരി സംഭവങ്ങൾ തുടങ്ങുകയാണെങ്കിൽ അവസ്ഥ എന്തായിരിക്കുമെന്നു ഗവണ്മെൻറിനു് അറിയാമോ?

HON'BLE MR. C. KESAVAN: ഇതു് ഒരു സാധാരണ സംഭവമല്ല, ഒരു വ്യത്യസ്തസംഭവമാണു്.

MR. P. K. KRISHNAN SASTRI: മറ്റു പല സ്ഥലങ്ങളിലും ഈ മാതിരി സംഭവങ്ങൾ നടക്കുന്നുണ്ടെന്നു ഗവണ്മെൻറിനു് അറിയാമോ?

HON'BLE MR. C. KESAVAN: അതുതന്നെയാണു് ഞാൻ നേരത്തെ പറഞ്ഞതു്. ചേത്തല നിന്നും ഫാദർ ജോർജ്ജ് ജോബു വള്ളുംതയ്യിലിന്റെ ഒരു പെറ്റീഷൻ കിട്ടിയിട്ടുണ്ടെന്നു്.

MR. P. K. KRISHNAN SASTRI: സാധുക്കളായ ആളുകൾക്കു് ഇങ്ങനെ കൊടുക്കുന്ന ഹർജികൾക്കു് പോലീസിൽ തെളിവു കൊടുക്കാൻ വിഷമമുണ്ടെന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. C. KESAVAN : കുറച്ചു വൈഷമ്യങ്ങൾ ഉണ്ടാകാം. ആ വൈഷമ്യങ്ങളെ പരിഹരിക്കുന്നതിനാണ് ജനങ്ങളുടെ ഗവണ്മെൻറ് നിലകൊള്ളുന്നത്.

MR. T. V. DEVAN ; ഞാൻ ഫസ്റ്റ്-മന്ത്രിയതി ഇവിടെ വന്നതിനു ശേഷം ഫറ കേസുകളെക്കുറിച്ച് എനിക്കു ലറ്ററുകൾ കിട്ടിയിട്ടുണ്ട്. സമയം തരുമെങ്കിൽ ഞാൻ അതിലെ കക്ഷികളുടെ പേരും വീട്ടുപേരുമൊക്കെ പറയാം.

HON'BLE MR. C. KESAVAN : അതിന്റെ പൂർണ്ണവിവരങ്ങൾ തന്നാൽ അതിനെക്കുറിച്ചു അന്വേഷിക്കാം.

MR. P. K. KRISHNAN SASTRI : കടിയിറക്കു സംബന്ധിച്ച് പല കേസ്സുകൾ നിലവിലുണ്ടെന്നു ഗവണ്മെൻറിനറിയാമോ?

HON'BLE MR. C. KESAVAN : കോടതികളിൽ കണ്ടേക്കാം.

സംസ്കൃതപരീക്ഷ.

281. MR. P. K. KRISHNAN SASTRI : താഴെപ്പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

സംസ്കൃതപരീക്ഷാവിജയികളെ മറ്റു യൂണിവേഴ്സിറ്റി പരീക്ഷാവിജയികളെപ്പോലെ പരിഗണിക്കുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു മയവുണ്ടാകുമോ?

HON'BLE MR. T. M. VARGHESE : സംസ്കൃതപരീക്ഷകൾ പാസ്സായിട്ടുള്ളവരെ മറ്റു മേഖലകളിൽ പരീക്ഷകൾ പാസ്സായിട്ടുള്ളവരെപ്പോലെ തന്നെയാണു പരിഗണിക്കുന്നത്. വല്ല അസമത്വങ്ങളും ഇക്കാര്യത്തിൽ ഉണ്ടെങ്കിൽ അതു പരിഹരിക്കാൻ ഗവണ്മെൻറു ശ്രമിക്കുന്നതാണ്.

MR. T. K. NARAYANA PILLAI : ഇംഗ്ലീഷ് സ്കൂളുകളിലുള്ള ബി. എ. ബിരുദധാരികൾക്കും സംസ്കൃതപണ്ഡിതന്മാർക്കും ശമ്പളം ഒരുപോലെയാണോ?

HON'BLE MR T. M. VARGHESE: അവരുടെ ശമ്പളങ്ങൾക്കു വ്യത്യാസമുണ്ടെന്നാണ് ഗവണ്മെൻറിന്റെ അറിവു്.

MR. T. K. NARAYANA PILLAI : അതു് ന്യായീകരിക്കത്തക്കതാണെന്നു ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly